## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : കെ.ജി. മോഹൻലാൽ**

**വിഷയം:** വനം വകുപ്പ് - ജീവനക്കാര്യം - ശ്രീ കെ. നിസാമുദ്ദീൻ, സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത T.A.4811/2012 [WP(C)25574/04] നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 18.08.2015-നു, പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

**സൂചന:**

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ T.A.4811/12 നമ്പർ കേസ്സിൽ 18.08.2015-ന് പുറപ്പെടുവിച്ച ഉത്തരവ്.
2. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.06.2004-ലെ ഇ5-19294/2001 നമ്പർ ഉത്തരവ്.(എക്സി.പി22)
3. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.07.2009-ലെ ഇ5-17771/09 നമ്പർ ഉത്തരവ്.
4. തിരുവനന്തപുരം, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.08.2002-ലെ ഇ3-2000/2000 നമ്പർ ഉത്തരവ്.
5. ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 10.12.2003-ലെ ഇ5-19294/2001(2) നമ്പർ കത്ത് (എക്സി പി21)

**ഉത്തരവ് നമ്പർ ഇ5-24359/04 തീയതി : 05.11.2015.**

വനം വകുപ്പിൽ കൊല്ലം (റീജിണൽ സൗത്ത്) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.കെ.നിസാമുദ്ദീൻ തന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത T.A.4811/12 (WP(C)25574/04) നമ്പർ കേസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരിഗണിച്ച് സൂചന 5 (എക്സി പി21), സൂചന 2 (എക്സി പി 22) ഉത്തരവുകൾ അസാധുവാക്കിക്കൊണ്ടും (പരാതിക്കാരന് 1999-ൽ ആലപ്പുഴ ജില്ലയിലേയ്ക്ക് നൽകിയ സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കാക്കുവാൻ കഴിയുകയില്ലായെന്നു കണ്ടെത്തുകയും ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ 30.12.1992 തീയതി പ്രാബല്യത്തിൽ സീനിയോറിറ്റിക്ക് അർഹതയുണ്ടെന്നും പ്രസ്തുത സീനിയോറിറ്റി അടിസ്ഥാനമാക്കി യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള യോഗ്യത നേടിയ മുറയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം നൽകണമെന്നും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

കേരള ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ പത്തനംതിട്ട ജില്ലാ ഓഫീസർ 30.12.1992-ലെ PTA II(3)2144/88 നമ്പർ പ്രകാരം വനംവകുപ്പിൽ എൽ.ഡി.ക്ലാർക്കായി നിയമനം നൽകുന്നതിനു ശുപാർശ ചെയ്യുന്നതനുസരിച്ച് ശ്രീ.കെ.നിസാമുദ്ദീന് കൊല്ലം സതേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ 15.01.93-ലെ 07/93 നമ്പർ സേവന ഉത്തരവു പ്രകാരം പത്തനംതിട്ട ജില്ലയിലെ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിരുന്നു. ആയത് പ്രകാരം ടിയാൻ 20.01.1993-ന് സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് കൊല്ലം സതേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ 05.05.1999-ലെ 24/99 നമ്പർ സേവന ഉത്തരവ് പ്രകാരം ടിയാനെ ആലപ്പുഴ ജില്ലയിലെ വീയ്യപുരം ഡിപ്പോയിലേയ്ക്ക് സ്ഥലംമാറ്റി നിയമനം നൽകുകയും പ്രസ്തുത ഓഫീസിൽ ടിയാൻ 17.05.1999-ന് ജോലിക്കായി ഹാജരാകുകയും ചെയ്തിരുന്നു.

ആലപ്പുഴ ജില്ലയിലേയ്ക്കുള്ള സ്ഥലംമാറ്റം അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കാക്കി എൽ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 17.05.1999 തീയതി അടിസ്ഥാനമാക്കിയാണ് സൂചന (2) പ്രകാരം (എക്സി പി22) അന്തിമ രൂപം നൽകിയ എൽ.ഡി.ക്ലാർക്കുമാരുടെ 01.01.2001 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (401) ആയി ശ്രീ.കെ.നിസാമുദ്ദീന്റെ സ്ഥാനം നിശ്ചയിച്ചു നൽകിയിട്ടുള്ളത്. സൂചന (2) സീനിയോറിറ്റി ലിസ്റ്റിൽ നിശ്ചയിച്ച സീനിയോറിറ്റി അടിസ്ഥാനമാക്കി ടിയാന് സൂചന (4) ഉത്തരവു പ്രകാരം 01.01.2005 തീയതി പ്രാബല്യത്തിൽ യു.ഡി ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരുന്നു. അപ്രകാരം സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി.ക്ലാർക്കുമാരുടെ 01.07.2009 തീയതി കണക്കാക്കിയുള്ള താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം ക്രമ നമ്പർ (224) ആയി നിശ്ചയിച്ചിട്ടുണ്ട്. യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള വകുപ്പുതല പരീക്ഷ 1995 ജനുവരി മാസത്തിൽ നടന്ന പരീക്ഷയിൽ ടിയാൻ പാസ്സായിട്ടുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.നിസാമുദ്ദീന്റെ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച 01.01.2001 തീയതി കണക്കാക്കിയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാൻ വനംവകുപ്പിൽ എൽ.ഡി.ക്ലാർക്കായി നിയമനത്തിനു പി.എസ്.സി ശുപാർശ ചെയ്ത തീയതി (30.12.1992) കണക്കാക്കി ക്രമ നമ്പർ (168) ശ്രീമതി.എസ്.സതിഭായിയ്ക്കും ക്രമ നമ്പർ (169) ശ്രീ.ആർ.രാജേഷ്കുമാറിനും മദ്ധ്യേ ക്രമ നമ്പർ 168(എ) ആയി പുനഃക്രമീകരിച്ചു കൊണ്ടും ക്രമ നമ്പർ 169 ശ്രീ.ആർ.രാജേഷ്കുമാറിന് യു.ഡി.ക്ലാർക്കായുള്ള സ്ഥാനക്കയറ്റത്തിനു നൽകിയ പ്രാബല്യ തീയതിയായ 12.07.2002 തീയതി മുതൽ

പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി.ക്ലാർക്കുമാരുടെ 01.07.2009 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (112) ശ്രീമതി.എസ്.സതിഭായിയ്ക്കും ക്രമ നമ്പർ (113) ശ്രീ.ആർ.രാജേഷ്കുമാറിനും മദ്ധ്യേ ക്രമ നമ്പർ 112 (എ) ആയും പുനഃക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന (1)ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)

പകർപ്പ് :

1. ശ്രീ. കെ.നിസാമുദ്ദീൻ, സീനിയർ ക്ലാർക്കിന്. (മേലധികാരി മുഖാന്തരം)
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, കൊല്ലം.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. E3 section

*D:\Jothi 2015\Proce\E5-24359-04 dtd 29.10.15 (M).doc*

പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി.ക്ലാർക്കുമാരുടെ 01.07.2009 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (112) ശ്രീമതി.എസ്.സതിഭായിയ്ക്കും ക്രമ നമ്പർ (113) ശ്രീ.ആർ.രാജേഷ്കുമാറിനും മദ്ധ്യേ ക്രമ നമ്പർ 112 (എ) ആയും പുന:ക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സൂചന (1)ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**അഡീഷണൽ പ്രിൻസിപ്പൽ**
**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)**

ML

പകർപ്പ് :

1. ശ്രീ. കെ.നിസാമുദ്ദീൻ, സീനിയർ ക്ലാർക്കിന്. (മേലധികാരി മുഖാന്തരം)
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റിസർച്ച് സൗത്ത്, കൊല്ലം.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. E3 Section